# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 113* 20/01/2014 ൽ മറുപടിക്ക്

## സ്കൂൾ യൂണിഫോം വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>,, ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ. നാണു | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഈ അദ്ധ്യയന വർഷം സ്കൂൾ വിദ്യാർത്ഥിക ളുടെ യൂണിഫോം വിത രണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ച ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ഗുണമേന്മയുള്ള തുണിത്തരങ്ങൾ ന്യായവിലയ്ക്ക് കുട്ടികൾക്ക് ലഭ്യമാകും എന്ന ഉദ്ദേശത്തോടെ ഇ-ടെണ്ടർ മുഖേന നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് കമ്പനികളെ എമ്പാനൽ ചെയ്യുതിനാൽ കാലതാമസം നേരിട്ടുണ്ട്. എന്നാൽ 2014 ജനുവരി 17 ന് മുമ്പ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിനു സപ്ളൈ ഓർഡർ നൽകി യൂണിഫോം മെറ്റീരിയൽസ് വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) യൂണിഫോം വിതരണം ഇതേ രീതിയിൽ നടപ്പാ ക്കുവാനാണോ ഉദ്ദേശി ച്ചത്; | ബി) സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും 2012-13 വർഷം കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പിന്റെ നിർദ്ദേശ പ്രകാരം എസ്.എം.സി മുഖേനയാണ് എസ്.എസ്.എ. സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യിരുന്നത്. 2013-14 വർഷം |

എയിഡഡ് സ്കൂളുകളിൽ കൂടി 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യാൻ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനായി ടെൻഡർ ഫോർമുലേഷൻ ആന്റ് ഇവാലേഷൻ കമ്മിറ്റി രൂപീകരിക്കുകയും, 8 കമ്പനികളെ യൂണിഫോം വിതരണം ചെയ്യുന്നതിനായി എംപാനൽ ചെയ്യുകയുമുണ്ടായി. ടി കമ്പനികളിൽ നിന്നോ പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുവാനുള്ള അനുവാദം നിബന്ധനകളോടെ അതാത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിലേക്കായി ആദ്യഗഡു തുക വിതരണം ചെയ്തിട്ടുണ്ട്.

സി) ആറ് മാസം കഴിഞ്ഞിട്ടും യുണിഫോം വിതരണം ചെയ്യാൻ കഴിയാത്തതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

സി) ഈ പദ്ധതി ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാൽ നടപടിക്രമങ്ങൾ പൂർണമായി പൂർത്തീകരിക്കുന്നതിന് സമയമെടുത്തതിനാലാണ് കാലതാമസം നേരിട്ടത്.

സെക്ഷൻ ഓഫീസർ